**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2100** **11-10-2021 - ൽ മറുപടിയ്ക്ക്**

**കോട്ടയം മെഡിക്കൽ കോളേജിലെ മാലിന്യം അനധികൃതമായി നിക്ഷേപിച്ചവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം മെഡിക്കൽ കോളേജിലെ മാലിന്യം ആലുവ ചെങ്ങമനാട് പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായി നിക്ഷേപിച്ചവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് മന്ത്രി നൽകിയ നിവേദനം [നമ്പർ .374/21/VIP /Min(H,W&CD) തുടർ നടപടി സ്വീകരിക്കാൻ 16/07/2021 ന് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് കൈമാറിയിരുന്നോ; ഇതിന്മേൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | പ്രസ്തുത നിവേദനത്തിൻമേൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹെൽത്ത് സൂപ്പർവൈസറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും ചെങ്ങമനാട് പഞ്ചായത്തിന്റെ പരിധിയിൽ നിക്ഷേപിച്ച കോട്ടയം മെഡിക്കൽ കോളേജിൽ നിന്നുമുള്ള മാലിന്യങ്ങൾ ഉടൻ നീക്കം ചെയ്യാൻ കരാറുകാരന് നിർദ്ദേശം നൽകുകയും, അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ മേപ്പടി മാലിന്യങ്ങൾ അവിടെനിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കരാറുകൾക്ക് കർശന നിർദ്ദേശം നൽകുന്നതാണ്. |
| (ബി) | കോട്ടയം മെഡിക്കൽ കോളേജിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അനുമതി വാങ്ങിയിട്ടുള്ള ഏജൻസികൾ അനധികൃതമായി ജനവാസകേന്ദ്രങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത നിവേദനത്തിൻമേൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഹെൽത്ത് സൂപ്പർവൈസറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും ചെങ്ങമനാട് പഞ്ചായത്തിന്റെ പരിധിയിൽ നിക്ഷേപിച്ച കോട്ടയം മെഡിക്കൽ കോളേജിൽ നിന്നുമുള്ള മാലിന്യങ്ങൾ ഉടൻ നീക്കം ചെയ്യാൻ കരാറുകാരന് നിർദ്ദേശം നൽകുകയും, അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ മേപ്പടി മാലിന്യങ്ങൾ അവിടെനിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കരാറുകൾക്ക് കർശന നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ